# കേരളം ലോകത്തിന് സംഭാവനചെയ്ത വിശ്വപൗരൻ

കെ.ജി. പൗലോസ്

ആര്യവൈദ്യൻ പി.കെ.വാരിയരെ വിശ്വപൗരൻ എന്ന് ആദ്യം വിശേഷിപ്പിച്ചത് ഡോ. കെ.ആർ. നാരായണനാണ്. 2001 നവംബർ 27ന് ന്യൂഡൽഹിയിലെ വിജ്ഞാൻഭവനിൽവെച്ച് ഗ്രീഗോറിയോസ് അവാർഡ് നൽകിക്കൊണ്ട് രാഷ്ട്രപതി പറഞ്ഞു:

> ‘ആയുർവേദരംഗത്തെ സമർപ്പിതസേവനത്തിലൂടെ ജനങ്ങളുടെ വേദന ഒപ്പിയെടുത്ത് ആരോഗ്യവും സന്തോഷവും പകരുന്ന ഡോ. പി.കെ. വാരിയർ ഒരു വിശ്വപൗരനാണ്. ലോകത്തിന് കേരളം സംഭാവനചെയ്ത മഹാവ്യക്തികളിലൊരാളാവാൻ അദ്ദേഹത്തിന് സാധിച്ചിരിക്കുന്നു.’

അത്യുക്തി അല്പം പോലും ഈ വാക്കുകളിലില്ലെന്ന് ഇരുവരെയും അറിയുന്നവർ സാക്ഷ്യപ്പെടുത്തും.

നവോത്ഥാനനായകനായ വൈദ്യരത്നം പി.എസ്. വാരിയർ ആയുർവേദത്തെ അതിന്റെ ജീർണ്ണാവസ്ഥയിൽ നിന്നുയർത്തി. ജയപ്രകാശ് നാരായണനെപ്പോലെയുള്ളവർ ചികിത്സയ്ക്ക് ആര്യവൈദ്യശാലയിൽ എത്തിയിരുന്നെങ്കിലും അന്നത്തെ പ്രവർത്തനങ്ങൾ മിക്കവാറും സംസ്ഥാനത്തിന്റെ സീമകളിലൊതുങ്ങിയിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമിയായ മാധവവാരിയരാണ് അഖിലേന്ത്യാതലത്തിലേയ്ക്ക് പ്രവർത്തന മേഖലയെ വ്യാപിപ്പിച്ചത്. ആയുർവേദകോൺഗ്രസ്സിന് കോട്ടയ്ക്കൽ ആതിഥ്യമരുളിയത് അതിന്റെ തുടക്കമായിരുന്നു. ആഗോളതലത്തിൽ ആയുർവേദത്തിന്റെ പുകൾപരത്തിയതും ആരോഗ്യശാസ്ത്രമെന്നനിലയിൽ അതിന് അംഗീകാരം നേടിയെടുത്തതും ശ്രീ പി.കെ. വാരിയരാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വെച്ചുനടന്ന സംവാദസദസ്സുകളിലൂടെയാണ് പുറംലോകം ആയുർവേദത്തെ തിരിച്ചറിഞ്ഞത്. 1984-ൽ ഇന്തോനേഷ്യയിലായിരുന്നു തുടക്കം. തുടർന്നു ഇറ്റലി, ഡെൻമാർക്ക്, റഷ്യ, അമേരിക്ക,

സ്പെയിൻ, ലണ്ടൻ, ഗൾഫ് രാജ്യങ്ങൾ തുടങ്ങി മിക്ക ലോകരാഷ്ട്രങ്ങളിലും ആയുർവേദസമ്മേളനങ്ങൾ നടന്നു. മുൻപ് ആര്യവൈദ്യശാലയിലെത്തി രോഗശാന്തിനേടിയവരാണ് താന്താങ്ങളുടെ രാജ്യങ്ങളിൽ ഇത്തരം ചർച്ചകൾ സംഘടിപ്പിച്ചത്. അതത് രാജ്യങ്ങളിലെ ആരോഗ്യരംഗത്തെ പ്രമുഖർ ഈ സംവാദങ്ങളിൽ പങ്കെടുത്തു. ചികിത്സാശാസ്ത്രം എന്ന നിലയിൽ ആയുർവേദത്തിന്റെ ആധികാരികതയിൽ സംശയാലുക്കളായിരുന്നു അവരിലധികംപേരും. രണ്ടുകാര്യങ്ങളാണ് ആര്യവൈദ്യശാല അവരെ ബോധ്യപ്പെടുത്തിയത് - ഒന്ന്, രണ്ടായിരത്തിലധികം വർഷങ്ങൾ പഴക്കമുള്ള രേഖപ്പെടുത്തിയ വലിയൊരു ജ്ഞാനശേഖരത്തിന്റെ പിൻബലം ഈ ചികിത്സാരീതിക്കുണ്ട്. അനേകം പരീക്ഷണനിരീക്ഷണങ്ങളിലൂടെ ഉരുത്തിരിഞ്ഞതാണതിലെ നിഗമനങ്ങൾ. രണ്ട്, കോടിക്കണക്കായ ഭാരതീയരുടെ ആരോഗ്യം നൂറ്റാണ്ടുകളായി സംരക്ഷിച്ചുപോരുന്നത് ഈ സംവിധാനമാണ്. കാലത്തിനനുസരിച്ച് പുതിയ ഊർജ്ജം ഉൾക്കൊണ്ട് കരുത്ത് നേടാൻ ആന്തരികമായ ശക്തി ഈ ജ്ഞാനധാരയ്ക്ക് ഉണ്ട്. ആദ്യകാലത്ത് വൈദ്യവൃത്തിയെ സ്വാധീനിച്ചിരുന്നത് ദൈവവ്യപാശ്രയമെന്ന അദ്രവ്യൗഷധപ്രയോഗമായ ചികിത്സാക്രമമാണ്. പക്ഷേ കാലംകൊണ്ട് അത് യുക്തിവ്യപാശ്രയമായ കാര്യകാരണബന്ധത്തിലൂന്നിയ വസ്തുനിഷ്ഠമായ ഔഷധദ്രവ്യങ്ങളുപയോഗിച്ചുകൊണ്ടുള്ള ചികിത്സാക്രമമായി മാറിയിരിക്കുന്നു. പി.എസ്. വാരിയർ ചെയ്തത് സ്ഥാപനവൽക്കരിക്കുന്നതിലൂടെ ശാസ്ത്രത്തെ വ്യക്തിനിഷ്ഠതയിൽനിന്ന് വസ്തുനിഷ്ഠമാക്കുകയാണ്.

ആയുർവേദം അന്ധവിശ്വാസമാണെന്നും കപടശാസ്ത്രമാണെന്നും ധരിച്ചുവെച്ചിരുന്നവരുടെ കണ്ണുകൾ തുറക്കാൻ യുക്തിഭദ്രമായ ഈ വാദങ്ങൾക്ക് കഴിഞ്ഞു. അങ്ങനെയാണ് ആഗോളതലത്തിൽ ആയുർവേദം അംഗീകാരം നേടിയത്. ഒരു കാര്യം പ്രത്യേകം ഓർക്കണം. ആയുർവേദത്തിന്റെ ശാസ്ത്രീയതയാണ് പി.കെ. വാരിയർ മുന്നോട്ട് വെച്ചതും ആധുനികലോകത്തെ ബോദ്ധ്യപ്പെടുത്തിയതും. ഈ ദൗത്യം ഏറ്റെടുത്തത് കേരളം അല്ലായിരുന്നെങ്കിൽ, ലോകത്തിനിന്ന് ആയുർവേദത്തെപ്പറ്റിയുള്ള ധാരണ അബദ്ധജടിലമായ കുറെ വെളിപാടുകൾ എന്നതിനപ്പുറം എന്തെങ്കിലുമാകുമോ എന്ന് സംശയമാണ്. ഇവിടെയാണ് ആര്യവൈദ്യശാല ഏറ്റെടുത്ത ചരിത്രനിയോഗത്തിന്റെ മഹത്ത്വം തിരിച്ചറിയേണ്ടത്. ഒറ്റയ്ക്കൊരാളല്ല ഇത് നേടിയത്. കേരളത്തിലെ പ്രബുദ്ധമായ വൈദ്യസമൂഹം ഒപ്പമുണ്ടായിരുന്നു. ഒരിക്കലും മറക്കരുതാത്ത ഒരു പേരുണ്ട് ഇക്കൂട്ടത്തിൽ - ആര്യവൈദ്യൻ എൻ.വി.കെ. വാരിയർ - അക്കാദമിക കാര്യങ്ങളിൽ പി.കെ.വാരിയരുടെ ബഹിശ്ചരപ്രാണൻ. അമ്മാവനും ഏട്ടനും തുടങ്ങിവെച്ചതിനെ മുന്നോട്ട് കൊണ്ടുപോകുകയായിരുന്നു അവരുടെ പിൻഗാമിയും എന്ന്, വേണമെങ്കിൽ, പറയാം. എങ്കിലും, ആ നേട്ടം ആയുർവേദലോകം എന്നും കൃതജ്ഞതയോടെ സ്മരിക്കും.

**ആയുർവേദത്തിന്റെ ആധുനികത**

പാരമ്പര്യവും ആധുനികതയും എല്ലാ മേഖലയിലും സദാ കലഹിച്ചുകൊണ്ടിരിക്കും. ഭൂതകാലാഭിരതിയിൽ മനം മയങ്ങിയവർ പറയും – പഴമയിൽ എല്ലാം ഉണ്ട്, പുതുതൊന്നും ചേർത്തു അതിനെ കലുഷമാക്കാതിരുന്നാൽ മതി. ആധുനികതയിൽ മദിച്ചവർ പറയുന്നത് മറിച്ചാണ് – പുതുമയ്ക്കൊത്തതല്ല പഴമ, അതിനെ ത്യജിക്കണം. മദ്ധ്യമമാർഗമുണ്ട് – പഴമയിൽ നിന്നും പുതുമയിൽനിന്നും ആവശ്യമുള്ളത് സ്വീകരിച്ച് പുതിയൊരു പാതയൊരുക്കുക. ആയുർവേദാചാര്യന്മാർ ചെയ്തതിതാണ് – സംസ്കൃതത്തിൽ പറയും പ്രതിസംസ്കാരം. ഓരോ തലമുറയും നിലവിലുള്ള ജ്ഞാനശേഖരത്തോട് പുതുതായി ചിലത് ചേർത്തുകൊണ്ടിരിക്കും. അറിവിന്റെ പുതിയ നാമ്പുകൾ, അതെവിടെനിന്നായാലും, അവഗണിക്കാൻ ശാസ്ത്രത്തിനാവില്ല. ഈ ശാസ്ത്രഗതിയെ സൂചിപ്പിക്കാൻ അതിമനോഹരമായൊരു പദമുപയോഗിക്കുന്നുണ്ട് പി.എസ്. വാരിയർ. ആയുർവേദം പഠിപ്പിക്കാൻ പാഠശാല തുടങ്ങിയപ്പോൾ അനാട്ടമിപോലുള്ള വിഷയങ്ങൾ ചേർത്തു പുതിയ പുസ്തകങ്ങൾ വേണ്ടിവന്നു. രചനയ്ക്കാമുഖമായി അദ്ദേഹം രേഖപ്പെടുത്തി – 'അപ്റ്റുഡേറ്റീകൃതം ശാസ്ത്രം'. ഇംഗ്ലീഷ് വാക്കിനെ സംസ്കൃതീകരിച്ചതിൽ കുസൃതി മാത്രമല്ല, ആ പ്രക്രിയയുടെ സ്വഭാവംകൂടി അദ്ദേഹം ഉൾക്കൊള്ളിച്ചിരിക്കുന്നു. ആവുന്നതരത്തിലൊക്കെ ആയുർവേദത്തെ ആധുനികീകരിക്കുകയാണ് പി.കെ. വാരിയർ ചെയ്തത്.

ചരകന്റെയും സുശ്രുതന്റെയും കാലത്തുനിന്ന് നാം ഒട്ടേറെ മുന്നോട്ട് പോയിട്ടുണ്ട്. ശാസ്ത്രസാങ്കേതികമേഖലകളിൽ അദ്ഭുതകരമായ വളർച്ച നാം കൈവരിച്ചിരിക്കുന്നു. ഇവയെ പ്രയോജനപ്പെടുത്തിക്കൊണ്ട് ആയുർവേദത്തിന്റെ പ്രാചീനജ്ഞാനമണ്ഡലത്തെ വികസിപ്പിക്കുന്നത് ശ്രമകരമായ പ്രവൃത്തിയാണ്. അങ്ങനെ ചെയ്യാതെ ഒറ്റപ്പെട്ടൊരു തുരുത്തായി ആയുർവേദത്തിന് മാറി നിൽക്കാനും കഴിയില്ല. രോഗനിർണ്ണയത്തിന് ആധുനികസംവിധാനങ്ങൾ ഉപയോഗിക്കണം; ചികിത്സയിൽ, പക്ഷേ, ആയുർവേദത്തിന്റെ തനിമ നിലനിർത്തുകയും വേണം. അതുപോലെതന്നെ മരുന്നുകൾ പഴയരൂപത്തിൽതന്നെ തുടരണമെന്നില്ല. കഷായം ടാബ്ലറ്റാക്കാം, തൈലം ജെല്ലിന്റെ രൂപത്തിലും ലേഹം ഗ്രാന്യൂളും ഭസ്മം ക്യാപ്സ്യൂളുമാകാം. അതേസമയം വീര്യവിപാകങ്ങളും ഗുണമേന്മയും നിലനിർത്തുകയും വേണം. കൊണ്ടുനടക്കാനും മാത്ര കൃത്യമാകാനും രൂപമാറ്റം സഹായിക്കും. പുതുതായി രൂപകല്പനചെയ്ത ന്യൂജനറേഷൻ മരുന്നുകളുടെ നിർമ്മാണത്തിന് കർണ്ണാടകത്തിൽ നഞ്ചൻകോട് ഒരു ഫാക്ടറി തുടങ്ങിയിട്ടുണ്ട്.

1978-ൽ ഫാക്ടറിയോടനുബന്ധിച്ച് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് വിഭാഗം തുടങ്ങി. ആ വിഭാഗം വളർന്നു ഗവേഷണത്തിനും ക്വാളിറ്റി കൺട്രോളിനും പ്രോജക്ട്

ഡവലപ്മെന്റിനുമുള്ള മൂന്ന് വിഭാഗങ്ങളായി പ്രവർത്തിക്കുന്നു. മുൻരാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾകലാം ഉദ്ഘാടനം ചെയ്ത സസ്യൗഷധഗവേഷണകേന്ദ്രം മികവിന്റെ കേന്ദ്രമാണിപ്പോൾ. ഔഷധനിർമ്മാണം, രസായനയോഗം, രസൗഷധികൾ, ബയോ-ആക്റ്റിവിറ്റി എന്നിങ്ങനെ ആയുർവേദത്തിന്റെ കാതലായ കാര്യങ്ങളെ സംബന്ധിച്ച് ആര്യവൈദ്യശാലയിൽ നടക്കുന്ന ഗവേഷണപ്രവർത്തനങ്ങൾ ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള ഗവേഷണസ്ഥാപനങ്ങളോട് ബന്ധപ്പെട്ടാണ് നടക്കുന്നത്. ഡോ. എം.എസ്. വലിയത്താൻ, ഡോ. എം.എസ്. സ്വാമിനാഥൻ, ഡോ. ആർ.എ. മഷേൽകർ തുടങ്ങിയ മുൻനിര ശാസ്ത്രജ്ഞന്മാരുടെ ഉപദേശനിർദ്ദേശങ്ങളോടെയാണ് ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നത്.

ഈ ഗവേഷണഫലങ്ങൾ ആയുർവേദസമൂഹമായി പങ്കിടുന്നതിനും സംവിധാനങ്ങളുണ്ട്. 1964-ൽ ആരംഭിച്ച വാർഷികസെമിനാറുകളിൽ അനേകം ഡോക്ടർമാർ പങ്കെടുക്കുന്നു. അലോപ്പതിയിലും ആയുർവേദത്തിലുമുള്ള വിദഗ്ദ്ധരുടെ നേതൃത്വത്തിൽ നടത്തുന്ന സംവാദങ്ങൾ ആശയവിനിമയത്തിനുള്ള വേദികളാണ്. അതോടൊപ്പം ആയുർവേദത്തിന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ വശങ്ങളെപ്പറ്റി ധാരാളം പ്രസിദ്ധീകരണങ്ങളുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിൽ ആയുർവേദത്തിനുണ്ടായ വികാസവും പൊതുസമ്മതിയും ഈ ഗവേഷണപ്രവർത്തനങ്ങളുടേയുംകൂടി ഫലമാണ്. പി.കെ. വാരിയരോ ആര്യവൈദ്യശാലയോ ഇതിന്റെ നേട്ടം അവകാശപ്പെടുകയില്ല. ചോദിച്ചാൽ അദ്ദേഹം പറയുന്നതിങ്ങനെ - 'ശാസ്ത്രത്തിന്റെ ശക്തിയാണിത്. വെല്ലുവിളികളെ അതിജീവിക്കാനുള്ള ആന്തരികമായ കഴിവ് അതിനുണ്ട്. നമ്മൾ കാലത്തിന്റെ ഉപകരണങ്ങൾ മാത്രം.' അദ്ദേഹത്തിന്റെ അടുത്തസ്വപ്നം ആയുർവേദത്തിന് അന്താരാഷ്ട്രനിലവാരത്തിലുള്ള മ്യൂസിയമാണ്. അതിനും അദ്ദേഹം ശിലാസ്ഥാപനം ചെയ്തുകഴിഞ്ഞു.

**ഭരണാധികാരി**

അനന്യസദൃശമായ ഒരസുലഭസൗഭാഗ്യം അദ്ദേഹത്തിനു ലഭിച്ചു. 1946-ൽ, നന്നെ ചെറുപ്പത്തിൽ, 25-ാമത്തെ വയസ്സിൽ ഈ മഹാസ്ഥാപനത്തിന്റെ ഭരണത്തിൽ അദ്ദേഹം പങ്കാളിയായി. എട്ടുവർഷത്തിനുള്ളിൽ സാരഥിയും. എന്തു മാന്ത്രികവടികൊണ്ടാണദ്ദേഹം ഈ സ്ഥാപനത്തെ ഇത്ര ഭംഗിയായി നയിക്കുന്നതെന്ന് പലരും അദ്ഭുതപ്പെടാറുണ്ട്. മാനേജ്മെന്റ് പഠനങ്ങൾക്ക് കൈപ്പുസ്തകമാകേണ്ടതാണ് അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങൾ.

ഭരണത്തിന്റെ ആദ്യവർഷങ്ങളിലൊന്നിൽ ഒരു പണിമുടക്കുണ്ടായി. അങ്ങനെയൊന്ന് ആര്യവൈദ്യശാലയിൽ പതിവില്ലാത്തതാണ്. ആദ്യം ഒന്നന്ധാളിച്ചു. പല

രോടും ചോദിച്ചു. ലോക്കൗട്ട് പ്രഖ്യാപിക്കാനായിരുന്നു ഉപദേശം. കോഴിക്കോട് മാതൃഭൂമിയിലെത്തി. തുടക്കം മുതൽ നല്ല ബന്ധമാണ് ഇരുസ്ഥാപനങ്ങളും തമ്മിൽ. മാനേജർ എൻ. കൃഷ്ണൻനായർ ഉറപ്പിച്ചു പറഞ്ഞു.

> 'മാതൃഭൂമിയും ആര്യവൈദ്യശാലയും എന്റെയും നിങ്ങളുടേതുമല്ല,
> വാതിൽ അടയ്ക്കാൻ നമുക്ക് അധികാരമില്ല'.

വാതിൽ തുറന്നുതന്നെ കിടന്നു. Be firm and fair - അതായിരുന്നു സമീപനം. സമരം നടന്നു, രമ്യമായി തീർന്നു. ആരിലും ഉണ്ടായില്ല കാലുഷ്യം.

പി.എസ്. വാരിയരുടെ ഒസ്യത്തിലെ വ്യവസ്ഥകളനുസരിച്ചാണ് ആര്യവൈദ്യശാലയുടെ ഭരണം നടക്കുന്നത്; കർശനമാണ് വ്യവസ്ഥകൾ. തീരുമാനങ്ങളെടുക്കുന്നതിൽ ജ്യേഷ്ഠന്റെ ഒരു ഉപദേശമാണ് പി.കെ. വാരിയർ നിർണ്ണായകമായി സ്വീകരിച്ചുപോന്നത്. ഏത് നിശ്ചയത്തിനും നിയമപരമായ സാധുതവേണം. അത്രമാത്രം പോരാ, ആ തീരുമാനം ധാർമ്മികമായിക്കൂടി ശരിയാണെന്ന് മനഃസാക്ഷിക്ക് പൂർണ്ണ ബോദ്ധ്യമുണ്ടാകണം. ആത്മനിഷ്ഠമായ ബോധ്യം പോരാ, ഉത്തരവാദപ്പെട്ട സ്ഥാനത്ത് നിന്ന് അപ്രകാരം സാക്ഷ്യപ്പെടുത്തുകയും വേണം. ധാർമ്മികമായും നിയമപരമായും ശരിയാണെന്ന് ബോദ്ധ്യമുള്ള കാര്യങ്ങളേ ആര്യവൈദ്യശാല ചെയ്യൂ. അതുകൊണ്ടാണ് കൈലാസമന്ദിരത്തിന്റെ കവാടത്തിൽ മാർഗ്ഗരേഖ സ്ഥാപകൻ കൊത്തിവെച്ചത് - 'ധർമോ ജയതി, നാധർമഃ'

പി.കെ. വാരിയർ ഒരാശയം മുന്നോട്ടുവെച്ചാൽ അതിന്റെ സാദ്ധ്യതകളെയും പരിമിതികളെയും പറ്റി ചർച്ചചെയ്യാം. എന്നാൽ അതുന്നയിച്ചതിന്റെ പിന്നിലുള്ള ആത്മാർത്ഥതയെ ആരും സംശയിക്കുകയില്ല. അത്ര സ്വച്ഛമാണ് ആ മനസ്സ്, തെളിവാർന്ന നിർമ്മലനീർത്തടാകംപോലെ. 'എന്റെയല്ലെന്റെയല്ലിക്കൊമ്പനാനകൾ' എന്ന ആർഷമായ ഒരനാസക്തി അദ്ദേഹത്തിലുണ്ട്. അത് തൊട്ടറിയാൻ ചുറ്റുമുള്ളവർക്കു കഴിഞ്ഞിരുന്നു - അതാണദ്ദേഹത്തിന്റെ വിജയരഹസ്യം.

### സ്നേഹത്തിന്റെ തൂവൽസ്പർശം

അനുഭവങ്ങളിൽ നിന്നുരുത്തിരിഞ്ഞതാണ് അദ്ദേഹത്തിന്റെ സമീപനങ്ങൾ. അതിലും വലിയൊരു സർവ്വകലാശാല വേറെ ഇല്ല. ചെറുപ്പത്തിൽ സ്വാതന്ത്ര്യപ്രസ്ഥാനവുമായി ബന്ധപ്പെടാനും സാധാരണക്കാരുടെ ജീവിതവുമായി അടുത്തിടപഴകാനും അദ്ദേഹത്തിന് അവസരം ലഭിച്ചു. തൊഴിലാളികളുടെ ആത്മാർത്ഥതയും നിഷ്കളങ്കതയും അദ്ദേഹത്തിന്റെ ഉള്ളിൽതട്ടി. തെറ്റുകാരനായി മുൻപിൽവരുന്ന ഒരാളുടെ പ്രശ്നങ്ങൾ അവരിലൊരാളായി മാറിയിട്ടാണ് അദ്ദേഹം കേൾക്കുന്നത്. താനാണ് അയാളുടെ സ്ഥാനത്തെങ്കിൽ എന്തുചെയ്യുമായിരുന്നു എന്നാണ് അദ്ദേഹം

ആലോചിക്കുക. ആ സാഹചര്യത്തിൽ അയാൾ പ്രവർത്തിച്ചതുപോലെയാണ് താനും പ്രവർത്തിക്കുക എന്ന് ഉള്ളിലിരുന്നാരോ മന്ത്രിക്കും. അതോടെ മഞ്ഞുരുകും, മനസ്സ് ആർദ്രമാകും. ആരിലുമുള്ള നന്മയെ കണ്ടെത്തി അതിനെ ഉണർത്തുകയാണ് തന്റെ ധർമ്മം.

പലനിലയിലുള്ള അനേകർ അദ്ദേഹത്തെ കാണാൻ വരാറുണ്ട്. ചിലർ വരുന്നത് വെറുതെ ഒന്നു കണ്ടു തൊഴുതുപോകാനാണ്, ചിലർക്ക് കാര്യങ്ങൾ സാധിക്കാനുണ്ടാകും. അനുവദിക്കാൻ കഴിയാത്തതാവും പലതും. എവിടെയുമുണ്ടല്ലോ നൂലാമാലകൾ. എങ്കിലും മടങ്ങുമ്പോൾ ഏവരും സംതൃപ്തരായിരിക്കും, ഈ വലിയ മനസ്സിന് തന്നെപ്പറ്റി ഇത്രയും കരുതൽ ഉണ്ടല്ലോ എന്നോർത്ത്. കാരണവർ എന്ന നിലയിൽ കുടുംബാംഗങ്ങളെക്കുറിച്ചുമുണ്ട് ഈ കരുതൽ. 2003-ൽ ലണ്ടനിൽ നടന്ന ഗ്ലോബൽ മീറ്റിൽ അദ്ദേഹം പങ്കെടുത്തിരുന്നു. വലിയമ്മയുടെ പേരക്കുട്ടി ജാനകിഓാപ്പോൾ ഗാന്ധിജിയുടെ ആശ്രമത്തിൽനിന്ന് പോയശേഷം ലണ്ടനിലാണ് അവസാനകാലം കഴിച്ചുകൂട്ടിയത്. 1969-ൽ അവിടെവെച്ച് മരിച്ചു. അവരുടെ മക്കൾ ലണ്ടനിലുണ്ട് - ബ്രിട്ടീഷ് പൗരന്മാരായി, അവിടത്തുകാരെ വിവാഹം കഴിച്ച് കഴിയുകയാണവർ. അവരെ കണ്ടു. വൈദ്യശാലയുടെ ശതവർഷാഘോഷത്തിൽ വളരെ അടുത്തവർക്ക് ഉപഹാരമായി വാച്ച് നൽകിയിരുന്നു. അത് അവരുടെ കൈയ്യിൽ വെച്ചുകൊടുത്ത് അദ്ദേഹം പറഞ്ഞു - ‘ആര്യവൈദ്യശാല നിങ്ങളുടേതുകൂടിയാണ്’. മുത്തച്ഛന്റെ കൈപിടിച്ച് അവർ തരിച്ചുനിന്നു. ഇതോർമ്മിച്ച് പറയുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞിരുന്നു!

അമ്മയായിരുന്നു അദ്ദേഹത്തിന്റെ ഏകദൗർബ്ബല്യം. കോളേജ് വിട്ട് സമരത്തിനിറങ്ങിയപ്പോൾ അമ്മ ഏറെ വേദനിച്ചു. എങ്കിലും ഒളിവിൽ കഴിയാനുള്ളത് പലതും രഹസ്യമായി കൊടുത്തയച്ചിരുന്നു. തിരിച്ചുവന്നശേഷം ജീവിതകാലം മുഴുവൻ സ്നേഹംകൊണ്ടമ്മയെ വീർപ്പുമുട്ടിച്ചു. സ്വന്തം മടിയിൽ കിടന്നാണ് അമ്മ അവസാനശ്വാസം വലിച്ചത്. കാൻസറായിരുന്നു രോഗം. കാൻസറിനെ കീഴടക്കാൻ വേണ്ടിയുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ മുഴുവൻ ആ അമ്മയ്ക്കുള്ള ആത്മസമർപ്പണങ്ങളാണ്.

കവിയും ആട്ടക്കഥാകൃത്തുമായ മാധവിക്കുട്ടി ആയിരുന്നു അദ്ദേഹത്തിന്റെ ജീവിതപങ്കാളി. ഏതൊരു ഭാര്യയ്ക്കും അസൂയതോന്നുംമട്ടിലുള്ള കരുതലായിരുന്നു അദ്ദേഹത്തിന് അവരെപ്പറ്റി. അവരെഴുതുന്ന കവിതകൾ ആദ്യം അദ്ദേഹം വായിക്കണം, അതവർക്ക് നിർബ്ബന്ധമായിരുന്നു. പുതിയ കവിതകൾ കാണിക്കാനും ഉപദേശം തേടാനുമായി അവർക്ക് ബാലാമണിഅമ്മയെ കാണണം, എൻ.വി. കൃഷ്ണവാരിയരെ കാണണം. അവരൊന്നിച്ച് കോഴിക്കോട്ടേയ്ക്ക് പോകും. കാവ്യചർച്ചകൾ

കഴിയുംവരെ അദ്ദേഹം കാത്തിരിക്കും. ഒറ്റ ആഗ്രഹമേ അവർക്കുണ്ടായിരുന്നുള്ളൂ – ഭർത്താവിരിക്കേ മരിക്കണം, അദ്ദേഹത്തെ കൂടാതെയുള്ള ജീവിതം അവർക്ക് അചിന്ത്യമായിരുന്നു. അങ്ങനെതന്നെ സംഭവിച്ചു, 1997ൽ അവർ വിട്ടുപോയി, ഭർത്താവിനെ തനിച്ചാക്കിയിട്ട്. ആ മരണം അദ്ദേഹത്തെ വല്ലാതെ ഉലച്ചു. പിന്നീട്, അവരുടെ രചനകൾ ശേഖരിക്കുന്നതിലും അവ റെക്കോർഡ് ചെയ്ത് സൂക്ഷിക്കുന്നതിലും ആയി അദ്ദേഹത്തിന്റെ ശ്രദ്ധ. 'ഇതൊക്കെയല്ലേ ഇനി നമുക്കവർക്കുവേണ്ടി ചെയ്യാൻ കഴിയൂ'. കുമാരസംഭവത്തിന്റെ ദ്രാവിഡവൃത്തത്തിലുള്ള പരിഭാഷയും കവിതകളും സ്തോത്രങ്ങളും ആട്ടക്കഥകളും ഒക്കെ സുരക്ഷിതമാക്കിയശേഷം അതിനുവേണ്ടി പ്രവർത്തിച്ച കലാകാരന്മാരെ ഓണപ്പുടവ നൽകി ആദരിക്കുമ്പോൾ ആ കണ്ണുകളിലുണ്ടായ തിളക്കം കാണേണ്ടത് തന്നെയായിരുന്നു!

അനേകർക്ക് ജീവിതം നീട്ടിക്കൊടുത്ത അപൂർവ്വവൈദ്യൻ, സാംസ്കാരികരംഗത്തെ സജീവപ്രവർത്തകൻ എന്നിങ്ങനെ ബഹുമുഖങ്ങളാണ് അദ്ദേഹത്തിന്റെ പ്രവർത്തനമണ്ഡലം. എല്ലാറ്റിനുമുപരി 'ആത്മവത് സതതം പശ്യേത്' എന്ന് വിശ്വസിക്കുന്ന വലിയമനുഷ്യൻ!

അദ്ദേഹത്തോടടുത്തുപെരുമാറുമ്പോൾ പലപ്പോഴും തോന്നിയിട്ടുണ്ട്, ഹൃദയംകൊണ്ടാണ് അദ്ദേഹം ലോകത്തെ കീഴടക്കുന്നതെന്ന്; സ്നേഹത്തിന്റെ സുഖശീതളമായ സൗമ്യസ്പർശംകൊണ്ട്!

---

ഡോ. കെ.ജി. പൗലോസ്: അധ്യാപകൻ; പ്രിൻസിപ്പൽ, സംസ്കൃതകോളേജ്; റജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല; വൈസ്ചാൻസലർ, കേരളകലാമണ്ഡലം കല്പിതസർവ്വകലാശാലാ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സിംലയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡിയിൽ ഫെല്ലോ ആയിരുന്നു. E-mail: kgpaulose@gmail.com, www.kgpaulose@info.com.